29 (1758) ടൊറൻസ് സമ്പ്രദായം

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രി. കെ.എം. മാണി :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭൂമി സംബന്ധമായ തർക്കങ്ങൾ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തുടക്കംകുറിച്ച ടൊറൻസ് സമ്പ്രദായം വ്യാപകമാക്കുന്നതിനു നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഭൂമിയുടെ അവകാശം സംബന്ധിച്ച തർക്കങ്ങൾ സിവിൽ കോടതി മുഖേനയാണ് തീർപ്പാക്കേണ്ടത്. എന്നാൽ അതിർത്തി തർക്കങ്ങൾ ഒരു പരിധിവരെ റവന്യൂ സർവ്വേ വകുപ്പുകൾ പരിഹരിക്കുന്നുണ്ട്. സർവ്വേ അതിരടയാള നിയമപ്രകാരം സർവ്വേ നടത്തുമ്പോൾ ഉണ്ടാകുന്ന തർക്കങ്ങൾ ബന്ധപ്പെട്ട സർവ്വേ ഓഫീസർമാർ അന്വേഷണം നടത്തി തീർപ്പു കല്പിക്കുന്നുണ്ട്. കൂടാതെ നേരത്തെ സർവ്വേ ചെയ്ത റിക്കാർഡുകൾ തയ്യാറാക്കിയിട്ടുള്ള അതിർത്തികൾ പുനർനിർണ്ണയം ചെയ്ത് ബന്ധപ്പെട്ട തഹസിൽദാർമാർ തർക്കം പരിഹരിക്കുന്നുണ്ട്. സർവ്വേ ചെയ്യാത്ത സബ് ഡിവിഷനുകൾ സർവ്വേ ചെയ്തും തഹസിൽദാർമാർ അതിർത്തി പരിഹരിക്കുന്നുണ്ട്.

(ബി) ടൊറൻസ് സമ്പ്രദായം നിർത്തൽ ചെയ്യാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അത് കൂടുതൽ സ്ഥലങ്ങളിലേക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

30 (1761) ഭൂനികുതിയുടെ ഘടന

ശ്രീമതി റോസമ്മ ചാക്കോ :
ശ്രി. പി.ജെ. ഫ്രാൻസിസ് :
ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഭൂനികുതിയുടെ ഘടന എന്തായിരുന്നു;

(ബി) ഇപ്പോൾ ഭൂനികുതിയുടെ ഘടന എന്തെന്ന് വ്യക്തമാക്കുമോ;

(സി) ഈ ഗവൺമെന്റ് നിലവിൽ വന്നപ്പോൾ ഉണ്ടായിരുന്ന ഭൂനികുതിയും ഇപ്പോഴുള്ള ഭൂനികുതിയും തമ്മിൽ ഹെക്ടറിന് എന്ത് വ്യത്യാസം ഉണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ഭൂനികുതിയുടെ ഘടന താഴെപ്പറയും പ്രകാരമായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തുകളിൽ ആറിന് 50 പൈസ മുനിസിപ്പാലിറ്റി/ടൗൺഷിപ്പ് - 1.00 രൂപ

കോർപ്പറേഷൻ - 2.00 രൂപ

(ബി) 1.4.1998 മുതൽ പരിഷ്ക്കരിച്ച നിരക്കുപ്രകാരം, ഭൂനികുതി പഞ്ചായത്ത് പ്രദേശങ്ങളിൽ ആർ ഒന്നിന് 20 ആർ വരെ 50 പൈസയും അതിനു മുകളിൽ 1 രൂപയും മുനിസിപ്പാലിറ്റി/ടൗൺഷിപ്പ് പ്രദേശങ്ങളിൽ ആർ ഒന്നിന് 6 ആർ വരെ 1 രൂപയും അതിനുമുകളിൽ 2 രൂപയും കോർപ്പ റേഷൻ പ്രദേശങ്ങളിൽ ആർ ഒന്നിന് 2 ആർ വരെ 2 രൂപയും അതിനു മുക ളിൽ 4 രൂപയും ആയി നിജപ്പെടുത്തിയിട്ടുണ്ട്.

(സി) പഞ്ചായത്തു പ്രദേശങ്ങളിൽ 20 ആർ വരെയും മുനിസിപ്പാ ലിറ്റി/ടൗൺഷിപ്പ് പ്രദേശങ്ങളിൽ 6 ആർ വരെയും കോർപ്പറേഷനുകളിൽ 2 ആർ വരെയും ഉള്ള ഭൂമിയുടെ നികുതിയിൽ മാറ്റമില്ല. എന്നാൽ ഈ പരിധിക്കു മുകളിൽ വരുന്ന ഭൂമിയുടെ നികുതിനിരക്ക് ഇരട്ടിയായി വർദ്ധിച്ചി ട്ടുണ്ട്.

31 (1762) പട്ടയം നൽകാൻ നടപടി

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വർക്കല ബ്ലോക്ക് അതിർത്തിയിലുള്ള എത്ര കുടുംബങ്ങൾക്ക് പട്ടയം നൽകിയിട്ടു ണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 1999 ഏപ്രിൽ, മേയ് മാസങ്ങളിലായി എത്രപേർക്ക് പട്ടയം കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) വർക്കല നഗരസഭാ പ്രദേശത്ത് ഇതുവരെ പട്ടയം ലഭിക്കാ ത്തവർക്ക് അടിയന്തിരമായി പട്ടയം നൽകാനുള്ള നടപടി സ്വീകരിക്കുമോ;

(ഡി) ചില ഡിപ്പാർട്ടുമെന്റിന്റെ കൈവശമുള്ള ഉപയോഗമില്ലാതെ ഇരിക്കുന്ന ഭൂമി റവന്യൂവകുപ്പ് തിരിച്ചെടുത്ത് പൊതു ആവശ്യത്തിനു വേണ്ടി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 535 കുടുംബങ്ങൾക്ക്

(ബി) 250 പേർക്ക്

(സി) നടപടി സ്വീകരിച്ചു വരുന്നു.

(ഡി) ആവശ്യാനുസരണം നടപടി സ്വീകരിക്കുന്നതാണ്.

32 (1765) സർവ്വേ നടപടികൾ പൂർത്തിയാക്കാൻ നടപടി

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വേ നടപടികൾ പൂർത്തിയാക്കാൻ എന്തെല്ലാം പുതിയ നടപടികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly